ഫയൽ നം :MIT6/9/2019-TC തിയതി : 08/03/2019

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014
ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

പ്രേക്ഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,മോട്ടോർ വാഹന വകുപ്പ്, കേരളം

സ്വീകർത്താവ്

എല്ലാ റീജിയണൽ ട്രാൻസ്പോർട് ഓഫീസറന്മാരും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട് ഓഫീസറന്മാരും

വിഷയം :- മോട്ടോർ വാഹന വകുപ്പ്-നെറ്റ്‌വർക്ക്-KSWAN തകരാർ നടപടി പരിഹരിക്കുന്നത് സംബന്ധിച്ച്

സൂചന :- സിസ്റ്റം സൂപ്പർവൈസറുടെ 05/03/2019 തീയതി ആയുള്ള അനൗദ്യോഗിക കുറിപ്പ്

മോട്ടോർ വാഹന വകുപ്പിൽ വാഹൻ-സാരഥി നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ ആഫീസുകളിൽ KSWAN വേഗത കുറയുകയോ തകരാറുകൾ സംഭവിക്കുകയോ ചെയ്താൽ ആഫീസ് പ്രവർത്തനങ്ങളാകെ സ്തംഭിക്കുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. സേവനദാദാവായ(Facility Management Service) സി-ഡിറ്റ് ഇത്തരം സന്ദർഭങ്ങളിൽ ചെയ്യേണ്ട നടപടികൾ ചുവടെ ചേർക്കുന്നു. വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫിസുകളും ഈ നടപടി ക്രമം പാലിക്കേണ്ടതാണ്.

1. ടോൾ ഫ്രീനമ്പരായ 18004256171-ൽ എസ്.എ/എ.എസ്.എ വിളിച്ച് കാൾ രജിസ്റ്റർ ചെയ്യുക. ടോൾ ഫ്രീനമ്പർ കിട്ടുന്നില്ല എങ്കിൽ 9539010899 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക.

2. രജിസ്റ്റർ ചെയ്യുമ്പോൾ ലഭ്യമാകുന്ന Ticket Number തുടർന്നുള്ള എല്ലാ നടപടികൾക്കും ഉപയോഗിക്കുക.

3. എസ്.എ./എ.എസ്.എ ആഫീസിലെ നെറ്റ്‌വർക്ക് സംബന്ധമായ എല്ലാ വിവരങ്ങളും അതത് മേഖലയിലെ നെറ്റ്‌വർക്ക് അഡ്മിനിസ്ട്രേറ്റർമാരെ അപ്പപ്പോൾ അറിയിക്കേണ്ടതാണ്. KSWAN തകരാറാണെങ്കിൽ Ticket Number സഹിതം നെറ്റ്‌വർക്ക് അഡ്മിനിസ്ട്രേറ്ററെ അറിയിക്കേണ്ടതാണ്.

4. Leased Line Connection എടുത്തിട്ടുള്ള ആഫീസുകളിൽ ബി.എസ്.എൻ.എൽ / റെയിൽ നെറ്റ് സ്ഥാപനത്തെ ഉടൻ വിവരം അറിയിക്കുക.

5. നെറ്റ്‌വർക്ക് അഡ്മിനിസ്ട്രേറ്റർമാർ വിവരം പോജക്ട് മാനേജരെ അറിയിക്കേണ്ടതും പ്രോജക്റ്റ് മാനേജർ ഇക്കാര്യം എസ്.എസ്.ജി(നോഡൽ ആഫീസർ), സിസ്റ്റം സൂപ്പർവൈസർ, ജോയിന്റ് കമ്മീഷണർ,

വിർച്ചൽ ഐ.ടി.കേഡർ എന്നിവരെ അറിയിക്കുക.

6. സാധാരണ ഗതിയിൽ KSWAN തകരാർ ആറ് മണിക്കൂറിനകം ഐ.ടി.മിഷൻ പരിഹരിക്കുന്നതാണ്. ഈ സമയം നെറ്റ്‌വർക്ക് അഡ്മിനിസ്ട്രേറ്റർമാർ തുടർനടപടി നിരീക്ഷണം നടത്തേണ്ടതാണ്.

7. എല്ലാ ആഫീസിലെയും സെർവ്വർ മുറിയിൽ KSWAN ടോൾഫ്രീനമ്പർ, മറ്റ് കോണ്ടാക്റ്റ് നമ്പർ, നെറ്റ്‌വർക്ക് സംബന്ധമായ വിവരങ്ങൾ (Architecture), Leased Line കണക്ഷനാണെങ്കിൽ ബി.എസ്.എൻ.എൽ നമ്പർ തുടങ്ങിയ വിവരങ്ങൾ പതിച്ചിരിക്കണം.
മേൽ നിർദേശങ്ങൾ കർശനമായി പാലിക്കുവാനുള്ള ഉത്തരവാദിത്വം ഓഫീസിൽ മേധാവിയിൽ നിക്ഷിപ്തമാണ്

Signature Not Verified
Digitally signed by RAJEEV PUTHALATH
Date: 2019.03.08 17:24:48 IST
Reason: Approved

വിശ്വസ്തതയോടെ,

RAJEEV PUTHALATH
JOINT TRANSPORT COMMISSIONER

പകർപ്പ് : - പ്രോജക്റ്റ് മാനേജർ - CDIT
ട്രാൻസ്പോർട് കമ്മീഷണറേറ്റ്